**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1194** **18-09-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | അമൃത് 2.0 പദ്ധതിയിൽ സ്റ്റേറ്റ് വാട്ടർ ആക്ഷൻ പ്ലാൻ മൂന്നാം ഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തിയ മലപ്പുറം മണ്ഡലത്തിലെ പാണക്കാട്, മേൽമുറി വില്ലേജുകളിലെ മിനി കുടിവെള്ള പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ; അഡീഷണൽ പ്രൊപ്പോസലിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ ; | (എ) | മലപ്പുറം മണ്ഡലത്തിലെ പാണക്കാട്, മേൽമുറി വില്ലേജുകൾക്കായുള്ള അമൃത് 2.0 പദ്ധതിയിൽ 7.5എം.എൽ.ഡി പ്ലാന്റിന്റെ 10% ഓളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നു വരുന്നു.<br><br>അഡീഷണൽ പ്രൊപ്പോസലിന് 5.62 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും നഗരസഭയുടെയും സംയുക്ത സംരംഭമായ പ്രസ്തുത കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ; | (ബി) | അമൃത് 2.0 സ്വാപ് 1 , അമൃത് 2.0 അഡീഷണൽ പ്രൊപ്പോസൽ, മലപ്പുറം നഗരസഞ്ചയം നിക്ഷേപ പദ്ധതി എന്നീ 3 പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കേണ്ട പ്രസ്തുത കുടിവെള്ള പദ്ധതികളിൽ അമൃത് 2.0 സ്വാപ് 1 25.03.2026 നാണ് പൂർത്തീകരിക്കേണ്ടത്. അമൃത് 2.0 അഡീഷണൽ പ്രൊപ്പോസൽ പദ്ധതിയുടെ പോസ്റ്റ് ടെൻഡർ നടപടികൾ നടന്നു വരുന്നു. മലപ്പുറം നഗരസഞ്ചയം നിക്ഷേപ പദ്ധതിക്ക് നഗരസഭ തുക നിക്ഷേപിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുവാൻ കഴിയുന്നതാണ് |
| (സി) | അമൃത് 2.0 ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 7.5 എം. എൽ. ഡി. സംഭരണശേഷിയുള്ള ജല ശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി നേരത്തെ ഭരണാനുമതി നൽകിയ 7.60 കോടി രൂപയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകിയിട്ടുണ്ട്. ഏകദേശം 10% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | ജൽ ജീവൻ മിഷന് കീഴിലുള്ള പുൽപ്പറ്റ, പൂക്കോട്ടൂർ, മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതി, കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതി, അമൃത് പദ്ധതിക്കു കീഴിലുള്ള ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് പദ്ധതി, മലപ്പുറം നഗരസഭയിലെ പാണക്കാട്-മേൽമുറി | (ഡി) | ജൽ ജീവൻ മിഷൻ പ്രവൃത്തിയായ കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതിയുടെ കിണറിന്റെയും ശുദ്ധീകരണശാലയുടെയും പ്രവൃത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ പൈപ്പ്ലൈനിന്റെയും കണക്ഷൻ നല്കുന്നതിന്റെയും പ്രവൃത്തി 25% |

| | | | |
|---|---|---|---|
| | പദ്ധതികൾ എന്നിവ യാഥാർത്ഥ്യമാക്കി മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | | പൂർത്തീകരിച്ചിട്ടുണ്ട്. ഇരുമ്പുഴി കരുമാഞ്ചേരി പദ്ധതിയിൽ ഉൾപ്പെടുന്ന 5 MLD WTP, 7.2 LL OHSR ഡിസൈൻ സ്റ്റേജിൽ ആണ് നിലവിൽ ഉള്ളത്. ഡിസ്ട്രിബ്യൂഷൻ പ്രവൃത്തി 35 % പൂർത്തീകരിച്ചിട്ടുണ്ട്. അമൃത് 2.0 സ്വാപ് 1 , അമൃത് 2.0 അഡീഷണൽ പ്രൊപ്പോസൽ, മലപ്പുറം നഗരസഞ്ചയം നിക്ഷേപ പദ്ധതി എന്നീ 3 പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കേണ്ട പ്രസ്തുത കുടിവെള്ള പദ്ധതികളിൽ അമൃത് 2.0 സ്വാപ് 1 25.03.2026 നാണ് പൂർത്തീകരിക്കേണ്ടത്. അമൃത് 2.0 അഡീഷണൽ പ്രൊപ്പോസൽ പദ്ധതിയുടെ പോസ്റ്റ് ടെൻഡർ നടപടികൾ നടന്നു വരുന്നു. മലപ്പുറം നഗരസഞ്ചയം നിക്ഷേപ പദ്ധതി നഗരസഭ തുക നിക്ഷേപിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കാവുന്നതാണ്.<br><br>ജൽ ജീവൻ മിഷന് കീഴിലുള്ള പുൽപ്പറ്റ, പൂക്കോട്ടൂർ, മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | പഞ്ചായത്ത് | AS തുക ലക്ഷത്തിൽ | ടിഎസ് തുക ലക്ഷത്തിൽ | പ്രവൃത്തിയുടെ പേര് (ചുരുക്കത്തിൽ) | പ്രവൃത്തിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ | 21051 | 2867 | ഫേസ് 1 – പാക്കേജ് 1 എ – 10 മീറ്റർ വ്യാസമുള്ള കിണർ പമ്പ് ഹൗസ്, ലീഡിംഗ് ചാനൽ, പവർ ഹൗസ് റ്റും എന്നിവയുടെ നിർമ്മാണം – 600 എംഎം റോ വാട്ടർ ട്രാൻസ്മിഷൻ മെയിൻ സ്ഥാപിച്ച് ടെസ്റ്റ് ചെയ്ത് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും, അനുബന്ധ പ്രവൃത്തികളും. | 75% പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | | | 10550 | പാക്കേജ് – 2 – 2, 3, 4, 5 മേഖലകളിലേക്ക് ഉന്നതതല ജല സംഭരണി നിർമ്മിക്കൽ, ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകൽ, മുഴുവൻ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളും – ജനറൽ സിവിൽ വർക്ക് | 50% പൂർത്തീകരിച്ചിട്ടുണ്ട് |
| 3 | | | 2565 | പാക്കേജ് 2 (എ) – മൊറയൂർ പഞ്ചായത്തിലെ കോട്ടമലയിൽ 22 ലക്ഷം ലിറ്റർ ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം, ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ (മേഖല 1), ഗാർഹിക കണക്ഷൻ നൽകൽ – പൈപ്പ് ലൈൻ പ്രവൃത്തി | 58% പൂർത്തീകരിച്ചിട്ടുണ്ട് |
| 4 | | | 2896 | പാക്കേജ് – 3 – 26.00 MLD ജല ശുദ്ധീകരണ ശാല, 22 ലക്ഷം ലിറ്റർ സംമ്പ് പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം, ജല ശുദ്ധീകരണ ശാല നിർമ്മിക്കുന്ന ഭൂമി മെച്ചപ്പെടുത്തൽ, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിച്ച് ടെസ്റ്റ് ചെയ്ത് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി – ജനറൽ സിവിൽ വർക്ക്. | 15% പൂർത്തീകരിച്ചിട്ടുണ്ട് |
| 5 | | | 1762 | ഫേസ് – 4 – മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തുകളിലെ ബാക്കി വിതരണ ശൃംഖല പൂർത്തീകരിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും, റോഡ് പുനരുദ്ധാരണ പ്രവൃത്തിയും. – പൈപ്പ് ലൈൻ പ്രവൃത്തി. | 35% പൂർത്തീകരിച്ചിട്ടുണ്ട് |